കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൂത്തേടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.5/216/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.11/02/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

മൂത്തേടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂത്തേടം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1).ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2).പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3).പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.

4).കാര്യാലയ പകർപ്പ്.

എബികെ 02/19

നം. കെ.എസ്.എ.എം.പി.എം.5/216/2019

തിയ്യതി:11/02/2019

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.07.2017 മുതൽ 09.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ.ആർ അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14.01.2019 മുതൽ 24.01.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാമകൃഷ്ണൻ.ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.സി.ടി.രാധാമണി | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.സൌമ്യ (അധിക ചുമതല) | 01.04.2017 മുതൽ 26.04.2017 വരെ |
| ശ്രീ.കമലേശൻ.വി | 27.04.2017 മുതൽ 22.01.2018 വരെ |
| ശ്രീ.ഗിഫ്റ്റി.ജെ (അധിക ചുമതല) | 23.01.2018 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ഫ്രാൻസിസ്.എ.ഫെർണാണ്ടസ് | 01.04.2017 മുതൽ 09.01.2018 വരെ |
| | ശ്രീ.സുനിൽ.എസ് | 10.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.റഷീന.ടി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.അബ്ദുൾ റസാഖ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സജി തോമസ് തോപ്പിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഹരീന്ദ്രനാഥൻ പിള്ള | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അന്ന | 01.04.2017 മുതൽ 29.10.2017 വരെ |
| | കുമാരി.രേഷ്മ | 30.10.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. മൈമൂന | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.മനോജ്.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.എം.സൌമ്യ | 01.04.2017 മുതൽ 03.07.2017FN വരെ |
| | ശ്രീ.ഗിഫ്റ്റി.ജെ | 03.07.2017AN മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | ലൈവ് സ്റ്റോക്ക് ഫാമിന് കെട്ടിട നമ്പർ അനുവദിച്ചതിലെ അപാകതകൾ. | 2-1 | |
| 14 | ഡി & ഒ ലൈസൻസ് - അപാകതകൾ. | 2-2 | |
| 15 | ഉപയോഗ ക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി ചുമത്തിയില്ല. | 2-3 | |
| 16 | ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല | 2-4 | |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല. | 2-5 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | ഉച്ചക്കുളം ST കോളനി നെൽകൃഷി: 14,27,250 രൂപ പാഴായി. | 3-1 | |
| 19 | തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ (156/17,36 /18)എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-2 | |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണവിവരം ലഭ്യമല്ല. | 3-3 | |

| | | | |
|---|---|---|---|
| 21 | മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-4 | |
| 22 | കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ - അപാകതകൾ | 3-6 | |
| 23 | പരിരക്ഷാ പദ്ധതി - അപാകതകൾ | 3-7 | |
| 24 | സാക്ഷരതാ തുല്യതാ പരിപാടി - പരീക്ഷയിൽ പങ്കെടുത്തതിന്റെ വിവരം ലഭ്യമല്ല | 3-8 | |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-രേഖകൾ ലഭ്യമാക്കിയില്ല | 3-9 | |
| 26 | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ ഉറപ്പ് വരുത്തിയില്ല. | 3-10 | |
| 27 | ആശ്രയ പദ്ധതി | 3-11 | |
| 28 | NREGS—ജലസുരക്ഷാ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കിയില്ല. | 3-12 | |
| 29 | NREGS-കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാതെ ബിൽ അനുവദിച്ചു. | 3-13 | |
| 30 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ | 3-14 | |
| 31 | റോഡ് കോൺക്രീറ്റ് പ്രവൃത്തി -ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു. | 3-15 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2017-18 ലെ ബജറ്റ് 25.03.2017 ലെ 1/1(2)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 06.03.2018 ലെ 1/(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 04.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018മുതൽ 26.06.2018 വരെ. | കെ.എസ്.എ.എം.പി.എം.5/1084/2018 തി.04.07.2018 |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 16585195 |
| വരവ് | 68449715 |
| ആകെ | 85034910 |
| ചെലവ് | 75265932 |
| നീക്കിയിരുപ്പ് | 9768978 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19357000 | 19357000 | 16555749 | 2801251 | 85.52% |
| വികസനഫണ്ട് എസ്.സി.പി. | 0 | 3951585 | 3951585 | 3080460 | 871125 | 77.96% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1784275 | 1784275 | 1245310 | 538965 | 69.79% |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 11490000 | 11490000 | 11409431 | 80569 | 99.30% |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 4158000 | 4158000 | 3981424 | 176576 | 95.75% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9090140 | 9090140 | 9077695 | 12445 | 99.86% |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 3869963 | 3869963 | 3868700 | 1263 | 99.97% |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. (അഡ്മിനിസ്ട്രേഷൻ) | 5364 | 840995 | 846359 | 845059 | 1300 | 99.85% |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. (ഇ.എഫ്.എം.എസ്) | 0 | 7798000 | 7798000 | 7798000 | 0 | 100% |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക്) | 0 | 340000 | 340000 | 338200 | 1800 | 99.47% |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | 0 | 237500 | 237500 | 237500 | 0 | 100% |
| ബി. ഫണ്ട് | 0 | 37049620 | 37049620 | 37049620 | 0 | 100% |
| തനത് ഫണ്ട് ബാങ്ക് | 4362799 | 4335664 | 8698463 | 1202961 | 7495502 | 13.83% |
| തനത് ഫണ്ട് ട്രഷറി | 9499516 | 8034000 | 17533516 | 17309980 | 223536 | 98.72% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 88648839 | 149 | 59186999 | 0 | 65 | 69.62 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5364 | 840995 | 846359 | 845059 | 1300 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത്, | 0 | 7798000 | 7798000 | 7798000 | 0 |
| ആകെ | 5364 | 8638995 | 8644359 | 8643059 | 1300 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 87720 | 162 |
| കർഷകതൊഴിലാളിപെൻഷൻ | 7465300 | 641 |
| വിധവാപെൻഷൻ | 12216900 | 1064 |
| വാർദ്ധക്യകാലപെൻഷൻ | 12766300 | 1067 |
| വികലാംഗപെൻഷൻ | 4260400 | 404 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 85000 | 14 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.01.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 54,194/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1).തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2). ഹോളിഡേ ഡ്യൂട്ടി രജിസ്റ്റർ, കോമ്പൻസേറ്ററി ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

3).ചുമതലകൈമാറ്റരജിസ്റ്ററിൽ, ചില ജീവനക്കാർ ചുമതല ഏറ്റെടുക്കുമ്പോൾ പേരെഴുതി ഒപ്പ് വെക്കുന്നില്ല.

4). ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

5). ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന ഔദ്യോഗിക ഫോറങ്ങൾ(ലീവ് അപേക്ഷ മുതലായവ..)ലഭിച്ച അതേ ദിവസം തന്നെ മുഴുവനും വിതരണം ചെയ്തതായി കാണിക്കുന്നു.ആർക്കാണ് നൽകിയതെന്ന് രേഖപ്പെടുത്തുന്നില്ല.

6). കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സ്റ്റോക്ക് നമ്പർ ചേർക്കുന്നില്ല.

7). അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

8). വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ

കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

9).പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ / പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

10). ഒരു പദ്ധതിയുടേയും മോണിറ്ററിംഗ് ഫലപ്രദമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2018 | 01.11.2018 മുതൽ 30.11.2018 വരെ | 10.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.01.2011 മുതൽ 14.01.2011 വരെ | 2005-06 മുതൽ 2009-10 വരെ | 14.02.2011 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

1).ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2). മറ്റുള്ള ഫണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള, ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളുടെ വിവരങ്ങൾ പരിശോധിക്കാനാവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. (അക്കൌണ്ട് നമ്പർ. 35719, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എടക്കര)

3).വി.ഇ.ഒ TR 7A ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡയറി രജിസ്റ്റർ (അനുബന്ധം ബി-IV) എഴുതി സൂക്ഷിക്കുന്നില്ല.

4). മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈവ് സ്റ്റോക്ക് ഫാമിന് കെട്ടിട നമ്പർ അനുവദിച്ചതിലെ അപാകതകൾ.

2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ഗ്രാമപഞ്ചായത്ത് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്.

| ക്രമ | കെട്ടിടയുടമയും പേരും | കെട്ടിട | കെട്ടിടത്തിന്റെ | തറ |
|---|---|---|---|---|

| നമ്പർ | മേൽവിലാസവും. | നമ്പർ | ഉപയോഗം | വിസ്തീർണ്ണം. |
|---|---|---|---|---|
| 1 | ശ്രീ.ഇംതിയാസ് അഹമ്മദ്, പുലിക്കട ഹൗസ്, നമ്പൂരിപ്പൊട്ടി.പി.ഒ | MP II/97A | പൗൾട്രി ഫാം | 228.81 ച.മീ |
| 2 | ശ്രീ.മുഹമ്മദ് അൻവർ, ചുള്ളിക്കുളവൻ, കാരപ്പുറം.പി.ഒ | MP VIII/411A | പൗൾട്രി ഫാം | 217 ച.മീ |
| 3 | ശ്രീ.സോമൻ, നെല്ലൂർ ഹൗസ്, കാരപ്പുറം.പി.ഒ | MP IV/22A | പന്നി ഫാം | 495.90 ച.മീ |

എന്നാൽ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പ് വരുത്താതെയാണ് ഈ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തി നമ്പർ അനുവദിച്ചിട്ടുള്ളത്.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഗ്രാമപഞ്ചായത്തിന്റെ അനുമതിക്ക് വേണ്ടി ഫോറം 1 ൽ ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഇതിനായി ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, കെട്ടിടത്തിന്റെ വിവരണം, ഉദ്ദേശിക്കുന്ന മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. എന്നാൽ കെട്ടിടത്തിന്റെ പ്ലാനും ഉടമസ്ഥാവകാശ രേഖകളുമൊഴികെ മറ്റ് കാര്യങ്ങളൊന്നും അപേക്ഷയുടെ കൂടെ ഉൾപ്പെടുത്തിയിട്ടില്ല. അപേക്ഷ നിർദ്ദിഷ്ട പ്രൊഫോർമയിലല്ല സമർപ്പിച്ചിട്ടുള്ളത്.

ചട്ടം 6(4) പ്രകാരം അനുമതി നൽകിക്കൊണ്ടോ നിഷേധിച്ച് കൊണ്ടോ ഉള്ള ഉത്തരവ് സെക്രട്ടറി രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. എന്നാൽ ക്രമ നമ്പർ 3 ഒഴികെയുള്ള നിർമ്മാണങ്ങൾക്ക് അനുമതി നൽകിയ വിവരം ഗ്രാമപഞ്ചായത്ത് യോഗത്തിൽ അവതരിപ്പിച്ചതായി കാണുന്നില്ല.

ചട്ടം 7 പ്രകാരം ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ട പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയ ശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2 ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതുമാണ്. ഇപ്രകാരമുള്ള അപേക്ഷ പരിശോധിച്ച് മതിയായ ഫീസ് ഈടാക്കി സെക്രട്ടറി ലൈസൻസ് അനുവദിക്കേണ്ടതുമാണ്. എന്നാൽ ലൈസൻസിന് അപേക്ഷിച്ചതിന്റെയോ ലൈസൻസ് അനുവദിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.12/22.01.2019)

## 2-2 ഡി & ഒ ലൈസൻസ് - അപാകതകൾ.

1). എൽ.പി.ജി ഗോഡൗണിന് ലൈസൻസ് അനുവദിച്ചത് - മതിയായ രേഖകൾ ഹാജരാക്കിയില്ല.

1996 – ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക VI പ്രകാരം, അഗ്നിശമന സേനാ വകുപ്പിൽ

നിന്നും ക്ലിയറൻസ് ആവശ്യമായിട്ടുള്ള തരം വ്യവസായങ്ങളിലാണ് എൽ.പി.ജി ഉപയോഗിക്കുന്ന വ്യവസായങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ശ്രീ.തൗക്കീർ അലി, സലാമത്ത് മൻസിൽ, മഞ്ചേരി എന്നവർക്ക് എൽ.പി.ജി ഗോഡൗൺ ആവശ്യത്തിന് ലൈസൻസ് അനുവദിച്ചപ്പോൾ ഇപ്രകാരമുള്ള ക്ലിയറൻസ് ഉണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

കൂടാതെ അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള Petroleum Explosives Safety Organisation (PESO) ലൈസൻസ് കാലാവധി 30.09.2017 ന് അവസാനിച്ചിട്ടുണ്ട്. എന്നാൽ ആയതിന് ശേഷം PESO ലൈസൻസ് പുതുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2).ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.നിയമാനുസൃത ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.14/22.01.2019)

## 2-3 ഉപയോഗ ക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി ചുമത്തിയില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഉപയോഗക്രമത്തിൽ നിന്ന് വ്യത്യസ്തമായാണ് അവ ഉപയോഗിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പോലും വ്യവസായ / വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗ ക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗ മാറ്റം നടത്താതെയാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് കാരണം വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ വലിയ കുറവ് സംഭവിക്കുന്നുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1). ശ്രീ.അബൂബക്കർ ഹാജി, വടക്കൻ ഹൗസ്, കാരപ്പുറം എന്നിവരുടെ ഉടമസ്ഥതയിലുള്ള MP V/456 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 10 HP മോട്ടോർ ഉപയോഗിച്ചുള്ള റൈസ് മില്ലിന് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 4 രൂപ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് . വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 50 രൂപയാണ്. പാർപ്പിടാവശ്യത്തിനായുള്ള ഈ കെട്ടിടത്തിൽ വ്യവസായം തുടങ്ങുന്നതിന് മുമ്പ് ഒക്യുപ്പൻസി മാറ്റുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യങ്ങളൊന്നും

ശ്രദ്ധിക്കാതെയാണ് ഈ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം 892/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 18.46 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 18.46 X 50) | 923രൂപ |
| (-) ഇളവ് - 20 % (മേഖല – 10%, മേൽക്കൂര - 10% ) | 185 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 185 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 923രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 74 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 849 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (923 x 5%) | 47 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 4 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 43 രൂപ. |
| ആകെ നഷ്ടം (849+43 ) | 892 രൂപ. |

2). ശ്രീ.ഇസാഖ്, ഓട്ടുപാറ എന്നവരുടെ ഉടമസ്ഥതയിലുള്ള MP VII/160 നമ്പർ കെട്ടിടത്തിൽ സ്റ്റീൽ ബാർ, സിമന്റ് എന്നിവ സ്റ്റോക്ക് ചെയ്യുന്നതിനാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 4 രൂപ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് . വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 40 രൂപയാണ്. പാർപ്പിടാവശ്യത്തിനായുള്ള ഈ കെട്ടിടത്തിൽ വാണിജ്യം തുടങ്ങുന്നതിന് മുമ്പ് ഒക്യുപ്പൻസി മാറ്റുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യങ്ങളൊന്നും ശ്രദ്ധിക്കാതെയാണ് ഈ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം 4,536/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉപയോഗം | വാണിജ്യം |
| തറവിസ്തീർണ്ണം | 100ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 100 X 40) | 4,000രൂപ |
| (-) ഇളവ് - ഇല്ല | ഇല്ല |
| (+) വർദ്ധനവ് - 20 % (റോഡ്) | 800 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 4,800രൂപ |

| | |
|---|---|
| നിർണ്ണയിച്ച വസ്തുനികുതി | 480 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 4,320 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (4800 x 5%) | 240 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 24 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 216 രൂപ. |
| ആകെ നഷ്ടം (4320+216 ) | 4,536 രൂപ. |

3). ശ്രീ.പി.ടി.തോമസ്, പ്രസിഡന്റ്, റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, കാരപ്പുറം എന്നവരുടെ ഉടമസ്ഥതയിലുള്ള MP VII/213 നമ്പർ കെട്ടിടത്തിൽ നാച്ചുറൽ റബ്ബർ നിർമ്മാണം, സംഭരണം, വിൽപ്പന എന്നിവക്കായി ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 10 രൂപ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് . വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 50 രൂപയാണ്. വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം 1,494/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 60 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 60 X 50) | 3,000രൂപ |
| (-) ഇളവ് - 40 % (മേഖല, വഴി,മേൽക്കൂര, കാലപ്പഴക്കം) | 1,200 രൂപ |
| (+) വർദ്ധനവ് - ഇല്ല. | ഇല്ല. |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 1,800രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 360 രൂപ. |
| ഈടാക്കിയതിൽ കുറവ് | 1,440 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (1440 x 5%) | 72 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 18 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 54 രൂപ. |
| ആകെ നഷ്ടം (1440+54 ) | 1,494 രൂപ. |

4). ശ്രീ.സുബൈർ.സി.കെ, ചുള്ളിക്കുളവൻ ഹൗസ്, കാരപ്പുറം.പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള MP VII/378 നമ്പർ കെട്ടിടത്തിൽ 10 HP മോട്ടോർ ഉപയോഗിച്ച് റൈസ് മിൽ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 10 രൂപ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് . വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി

നിരക്ക് ച.മീറ്ററിന് 50 രൂപയാണ്. വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം 2,268/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 60 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 60 X 50) | 3,000രൂപ |
| (-) ഇളവ് - 30 % (മേഖല, മേൽക്കൂര, കാലപ്പഴക്കം) | 900 രൂപ |
| (+) വർദ്ധനവ് - 20 % (വഴി) | 600 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 2,700രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 540 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 2,160 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (2700 x 5%) | 135 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 27 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 108 രൂപ. |
| ആകെ നഷ്ടം (2160+108 ) | 2,268 രൂപ. |

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്തപക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. കെട്ടിടങ്ങളുടെ ഒക്യുപ്പൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാണിജ്യ / വ്യവസായ യൂണിറ്റുകൾ ഈ കെട്ടിടങ്ങളിൽ ആരംഭിച്ചത് മുതലുള്ള വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതും അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ നഷ്ടം 9190/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.17/22.01.2019)

## 2-4 ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൌണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, മൂത്തേടം ഗ്രാമപഞ്ചായത്ത് 2017-18വർഷത്തിൽ ടെണ്ടർ ചെയ്ത 19 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിവരം | പങ്കെടുത്തവരുടെ എണ്ണം/നിരക്ക് | ആകെ ഫോറം വില |
|---|---|---|
| പ്രൊജക്ട് നം.69/18-പഞ്ചായത്ത് ഓഫീസ് നവീകരണം | 2x2500 | 5000 |
| പ്രൊജക്ട് നം.242/18/-വട്ടപ്പാടം എസ്.സി.കോളനി റോഡ് കോൺക്രീറ്റ് | 6x1000 | 6000 |
| പ്രൊജക്ട് നം.234/18/-ചോളമുണ്ട GUPS ക്ലാസ്സ് റൂം നിർമ്മാണം | 3x1200 | 3600 |
| പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗ് | 3x1800 | 5400 |
| പ്രൊജക്ട് നം.114/18/-മൂപ്പിനി-വല്ലാടിമുണ്ട റോഡ് നവീകരണം | 8x2000 | 16000 |
| പ്രൊജക്ട് നം.113/18/-ചെമ്മന്തിട്ട-കാരപ്പുറം റോഡ് നവീകരണം | 8x3000 | 24000 |
| പ്രൊജക്ട് നം.232/18/-പകൽ വീട് പൂർത്തീകരണം | 3x1400 | 4200 |
| പ്രൊജക്ട് നം.159/18/-മൂച്ചിപ്പരത പമ്പ് ഹൌസ് റോഡ് ടാറിംഗ് | 4x1000 | 4000 |
| പ്രൊജക്ട് നം.152/18/-മൂപ്പിനി-മൂർഖൻപടി റോഡ് കോൺക്രീറ്റ് | 7x1200 | 8400 |
| പ്രൊജക്ട് നം.148/18/-വട്ടപ്പാടം-പാലാങ്കര റോഡ് ടാറിംഗ് | 5x1400 | 7000 |
| പ്രൊജക്ട് നം.141/18/-പനമ്പറ്റ-മുണ്ടക്കൽ റോഡ് ടാറിംഗ് | 4x1200 | 4800 |
| പ്രൊജക്ട് നം.138/18/-താഴെ ചെമ്മന്തിട്ട-SNDPറോഡ് ടാറിംഗ് | 3x1000 | 3000 |
| പ്രൊജക്ട് നം.127/18/-കൽക്കുളംറോഡ് നിർമ്മാണം | 5x1000 | 5000 |

| | | |
|---|---|---|
| പ്രൊജക്റ്റ് നം.125/18/-അമ്മായിപ്പടി റോഡ് കോൺക്രീറ്റ് | 5x1000 | 5000 |
| പ്രൊജക്റ്റ് നം.120/18/-കാറ്റാടി താഴെ കാരോട് റോഡ് ടാറിംഗ് | 2x1100 | 2200 |
| പ്രൊജക്റ്റ് നം.117/18/-മൂത്തേടം-താഴെ ചെമ്മന്തിട്ട റോഡ് നവീകരണം | 2x1000 | 2000 |
| പ്രൊജക്റ്റ് നം.116/18/-പേരൂപ്പാറ-കരീക്കുന്ന് റോഡ് ടാറിംഗ് | 5x1600 | 8000 |
| പ്രൊജക്റ്റ് നം.115/18/-തവളമുണ്ട-കുറ്റിക്കാട് റോഡ് നവീകരണം | 6x1800 | 10800 |
| പ്രൊജക്റ്റ് നം.111/18/-കാരപ്പുറം-മരംവെട്ടിച്ചാൽറോഡ് നവീകരണം | 2x1100 | 2200 |
| ആകെ | | 126600 |

## 2-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. മൂത്തേടം ഗ്രാമപഞ്ചായത്തിൽ 2017-18വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി 3,40,404 രൂപയും ,സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ നിന്നായി 4682 രൂപയും നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം പഞ്ചായത്ത് തനത് ഫണ്ടിന് 3450 രൂപ , നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 15/22.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഉച്ചക്കുളം ST കോളനി നെൽകൃഷി: 14,27,250 രൂപ പാഴായി.

നി.ഉദ്യോഗസ്ഥൻ. കൃഷിഓഫീസർ

പട്ടികവർഗ്ഗ കുടുംബങ്ങളുടെ വനാശ്രിതത്ത്വം കുറച്ച് കാർഷികവൃത്തിയിലേക്ക് നയിക്കുന്നതിനും ഭക്ഷ്യസ്വയംപര്യാപ്തതയിൽ എത്തിച്ച് ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി SCA to TSP പദ്ധതി പ്രകാരം ഉച്ചക്കുളം ആദിവാസി കോളനിയിൽ ജൈവനെൽകൃഷി നടത്തുന്നതിന്ന് 20,83,700 രൂപയുടെ പദ്ധതി തയ്യാറാക്കുകയും കൃഷി ഓഫീസർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന ലഭ്യമാക്കിയ പ്രൊപ്പോസലിന്റെയടിസ്ഥാനത്തിൽ ഉച്ചക്കുളം ST കോളനയിൽ ജൈവനെൽകൃഷി എന്ന

പദ്ധതി നടപ്പിലാക്കുകയുണ്ടായി. ആയതിന്, നിലമ്പൂർ ITDP പ്രൊജക്ട് ഓഫീസറുടെ 30-1-2017 ലെ E5000/2016 ഉത്തരവ് പ്രകാരം 14,75,700 രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിക്കുകയും ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 1-3-17 ലെ 6(1) നംപർ തീരുമാനപ്രകാരം കൃഷി ഓഫീസറെ പദ്ധതിനടത്തിപ്പിന് ചുമതലപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, കൃഷി ഓഫീസറുടെ അപേക്ഷപ്രകാരം തുക അനുവദിക്കുകയും ചെയ്തു.

വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | തുക(രൂപയിൽ) | നടപ്പിലാക്കേണ്ട സ്ഥാപനം |
|---|---|---|
| ജൈവനെൽകൃഷി | 14,75,700 | ഗ്രാമ പഞ്ചായത്ത് |
| സോളാർ ഫെൻസിംഗ് | 443000 | DFO(South) |
| കുളം നവീകരണം | 165000 | DFO(South) |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി പദ്ധതിക്ക് അനുവദിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വൗച്ചർ നംപർ | തുക(രൂപയിൽ) |
|---|---|
| 21700127/9-6-17 | 321300 |
| 21700286/25-8-17 | 407950 |
| 21700476/22-11-17 | 140000 |
| 21700475/22-11-17 | 300000 |
| 21700532/13-12-17 | 210000 |
| 21700884/28-3-17 | 48000 |
| ആകെ | 1427250 |

മേൽ കൃഷിസ്ഥലം(31.5എക്കർ ) 23-1-2019 ന് കൃഷിഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. ജലദൗർലഭ്യവും കൃഷിസ്ഥലം നെൽകൃഷിക്ക് തികച്ചും അനുയോജ്യവുമല്ലാത്തതിനാൽ നെൽചെടികൾ വളരാതെ മുരടിക്കുകയും കൃഷി നശിച്ച് പോകുകയും ചെയ്യുന്നു എന്ന് കൃഷി ഓഫീസർ വിവരിക്കുകയുണ്ടായി. ഏകദേശം 16 ലക്ഷത്തോളം രൂപയുടെ നെല്ല് ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് ഒരു മണി നെല്ല് പോലും ലഭിച്ചില്ല.

നിരീക്ഷണങ്ങൾ

1. അനുയോജ്യമല്ലാത്ത സ്ഥലത്ത് കൃഷി നടത്തി.

വനംവകുപ്പിന് കീഴിലുള്ള 31.5 ഏക്കർ സ്ഥലത്ത് കൃഷി നടത്താനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. കാട്ടുപുല്ല് നിറഞ്ഞ് കിടക്കുന്ന ഈ സ്ഥലം വെട്ടിത്തെളിച്ച് നെൽകൃഷി ചെയ്യലായിരുന്നു പ്രവൃത്തി. എന്നാൽ ഈ സ്ഥലത്തെ മണ്ണ് Sandy type soil (മണൽ മണ്ണ് ) ആയതിനാൽ മണ്ണിൽ വെള്ളം തളം കെട്ടി നിൽക്കാൻ സാധ്യതയില്ലാത്തതും ആയതിനാൽതന്നെ നെൽകൃഷിക്ക് പൂർണ്ണമായും യോജിക്കാത്തതുമാണെന്ന് 23-1-2019 ന് കൃഷിഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ബോധ്യപ്പെടുകയും കൃഷി ഓഫീസർ ഇക്കാര്യം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചനത്തിനായി സമീപത്തുള്ള കുളത്തിനെയാണ് ആശ്രയിച്ചിരുന്നതെങ്കിലും ആയത് ഒട്ടും പര്യാപ്തമായിരുന്നില്ലെന്ന് വിശദീകരിക്കപ്പെട്ടു.കൃഷി ഓഫീസർ ITDP പ്രൊജക്ട് ഓഫീസർക്ക് നൽകിയ 20-11-2017 ലെ MDM 39/17-18 നംപർ കത്തിൽ,

കൃഷിയിടത്തിൽ വെള്ളം കെട്ടിനിർത്താൻ പറ്റാത്ത സാഹചര്യത്തിൽ നടീൽ സാധ്യമാകാതെ വരികയും 11 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാൻ തീരുമാനിച്ചെന്നും ആയതിനനുസരിച്ച് നിലവിലുള്ള പദ്ധതിയിൽ മാറ്റം വരുത്തണമെന്നും അറിയിച്ചിട്ടുമുണ്ട്. വെള്ളം കെട്ടിനിൽക്കാത്ത സ്ഥലമായതിനാൽ തന്നെ കൃഷി വിജയത്തിലെത്തിക്കാനും കഴിഞ്ഞില്ല. ഈ സ്ഥലം കൃഷിക്കായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്നും ഏത് സമിതിയാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമല്ല.

2. യഥാസമയം കൃഷി ഇറക്കിയില്ല.

കൃഷി ഇറക്കുന്നതിനായി നെൽവിത്ത് ലഭ്യമാക്കുന്നത് 23-8-17 ന് മാത്രമാണ്.(ബിൽ നംപർ 870/17-18/23-8-17, KSSDA THRISSUR. 1200 kg നെൽവിത്ത്). മേൽ വിവരിച്ച സ്ഥലത്ത് കാലവർഷത്തിന്റെ അവസാനത്തിൽ കൃഷി ചെയ്ത് തുടങ്ങിയത് പദ്ധതിയുടെ സമ്പൂർണ്ണ പരാജയത്തിന് കാരണമായി.

3. മണ്ണ് പരിശോധന നടത്തിയില്ല.

കൃഷിസ്ഥലം നെൽകൃഷിക്കുപയുക്തമാണോയെന്നറിയുന്നതിനായി മണ്ണ് പരിശോധന നടത്തിയതായി കാണുന്നില്ല. മണ്ണ് പരിശോധന നടത്തിയിരുന്നുവെങ്കിൽ ഇപ്രകാരം സംഭവിക്കില്ലായിരുന്നു.

4. വിള ഇൻഷൂർ ചെയ്തില്ല.

വിള ഇൻഷൂർ ചെയ്യുന്നതിനായി നടപടികളെടുത്തതായി കാണുന്നില്ല. 10 ഏക്കർ സ്ഥലത്തെ പച്ചക്കറി കൃഷി ഇൻഷൂർ ചെയ്യുന്നതിനായി അപേക്ഷ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിൽ തുടർ നടപടികളുണ്ടായിട്ടില്ല. യഥാസമയം ഇൻഷൂർ ചെയ്തിരുന്നുവെങ്കിൽ നഷ്ടത്തിന്റെ തോത് കുറക്കാമായിരുന്നു.

5) താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല(ഓഡിറ്റ് എൻക്വയറി നമ്പർ 21/24-1-2019)

a) കൃഷി സ്ഥലം തെരഞ്ഞെടുത്തത് എപ്രകാരമാണെന്നുള്ളതിന്റെ റിപ്പോർട്ട്.

b) കൃഷി നടത്തിയ ആദിവാസി വനസംരക്ഷണസമിതിയുടെ മാസാന്ത്യ/അന്തിമ റിപ്പോർട്ട്.

കൃഷിസ്ഥലം തെരഞ്ഞെടുത്തതിലുള്ള വീഴ്ചയാണ് ഈ പദ്ധതിയുടെ പരാജയത്തിന് കാരണം. ഇത്തരം പദ്ധതികൾ ഒരു പൈലറ്റ് പ്രൊജക്ടായി ചെറിയവിസ്തൃതിയിൽ ചെയ്ത് ജയപരാജയസാധ്യതകൾ മനസ്സിലാക്കി നടത്തേണ്ടതായിരുന്നു. മാത്രമല്ല, ഈ പദ്ധതിയെ തുടർന്ന്, ഗുണഭോക്താക്കൾ കൃഷിയിലേക്ക് മാറിയിട്ടില്ലെന്നും സ്ഥലപരിശോധനാവേളയിൽ ബോധ്യപ്പെട്ടു. പദ്ധതിയുടെ ലക്ഷ്യമായ വനാശ്രിതത്വം കുറക്കൽ, കാർഷികവൃത്തിയിലേക്ക് നയിക്കൽ, ഭക്ഷ്യസ്വയംപര്യാപ്തത നേടൽ എന്നിവയൊന്നും കൈവരിക്കാൻ കഴിഞ്ഞില്ല.

മേൽ കാരണങ്ങളാൽ പദ്ധതിക്കായി ചെലവഴിച്ച 14,27,250/- രൂപ പാഴായതായി ഓഡിറ്റിൽ വിലയിരുത്തുന്നു. പദ്ധതികളുടെ ജയസാധ്യതകൾ പരിശോധിച്ച ശേഷം മാത്രം പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. മേൽ രേഖപ്പെടുത്തിയ അപാകതകളിലേക്ക് നയിച്ച കാരണങ്ങൾ വിശദമാക്കേണ്ടതും ക്രമനംപർ (5) ൽ പറഞ്ഞ രേഖകൾ പരിശേധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-2 തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ (156/17,36/18)എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

അടങ്കൽ 499000

കരാറുകാരൻ ശ്രീ.എൻ. ഇബ്രാഹീം

കരാർ 15/17/27-3-17

അളവ്പുസ്തകം 156/17

ചെലവ് 468180(ട്രഷറി ബിൽ നംപർ 10/17-18/19-09-17)

108 തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനാണ് മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1). തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള മേൽ പദ്ധതി പ്രകാരം 108 വൈദ്യുതി കാലുകളിലേയും വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള GI പൈപ്പുകളും മാറ്റിയിട്ടുണ്ട്. വൈദ്യുതി കാലുകളിലെ നിലവിലുള്ള GI പൈപ്പുകൾ എന്തുചെയ്തുവെന്ന് വ്യക്തമല്ല.

2).ചില വാർഡുകളിലെ തെരുവ് വിളക്കുകൾ ഒന്നും തന്നെ മാറ്റിയിട്ടില്ല. ചില വാർഡുകളിൽ നാമമാത്രമായി മാറ്റിയിരിക്കുന്നു. റിക്വയർമെന്റ് തീരുമാനിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല. 2017-18 ൽ പൊതുമരാമത്ത്( വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് കമ്മറ്റിയിൽ ഇക്കാര്യം ചർച്ച ചെയ്തതായി കാണുന്നില്ല. 2016-17 ൽ, 22-2-16 ലെ ധനകാര്യ/സദ്ഭരണ വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ 13ാം ഇനമായി പദ്ധതിയുടെ പേര് ചേർത്തിട്ടുണ്ട്. എന്നാൽ വൈദ്യുതി കാലുകളിലെ വിളക്കുകളാണ് മാറ്റേണ്ടതെന്നത് സംബന്ധിച്ച യാതൊരു ചർച്ചകളും തീരുമാനങ്ങളും കർമസമിതിയിൽ ഉണ്ടായിട്ടില്ല. 17-12-16 ലെ 4(1) ഭരണസമിതി തീരുമാനപ്രകാരം ഒരു ലിസ്റ്റ് അംഗീകരിച്ചതായി കാണുന്നുണ്ട്. എന്നാൽ ഈ ലിസ്റ്റ് കർമസമിതിയോ സ്റ്റാന്റിംഗ് കമ്മിറ്റിയോ അംഗീകരിച്ചിട്ടില്ല. മാത്രമല്ല, തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചത് ഏതെല്ലാം വാർഡുകളിൽ/പോസ്റ്റുകളിലാണെന്നത് സംബന്ധിച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തലും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും തമ്മിൽ അന്തരമുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| വാർഡ് നംപർ | ലിസ്റ്റ് പ്രകാരമുള്ള എണ്ണം | വാർഡ് മെമ്പറുടെ സാക്ഷ്യ പത്ര പ്രകാരമുള്ള എണ്ണം |
|---|---|---|
| 1 | 11 | ലഭ്യമാക്കിയിട്ടില്ല |
| 2 | 0 | 4 |
| 4 | 9 | 4 |
| 5 | 5 | 10 |
| 6 | 0 | 6 |
| 7 | 5 | 13 |
| 8 | 0 | ലഭ്യമാക്കിയിട്ടില്ല |
| 9 | 8 | 13 |
| 10 | 11 | 12 |
| 11 | 6 | 18 |

| | | |
|---|---|---|
| 12 | 7 | 5 |
| 13 | 19 | ലഭ്യമാക്കിയിട്ടില്ല |
| 14 | 7 | 5 |
| 15 | 2 | ലഭ്യമാക്കിയിട്ടില്ല |

പല വാർഡുകളിലും അതാത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ അത്രയും വിളക്കുകൾ സ്ഥാപിച്ചതായി കാണുന്നില്ല. ഈ വ്യത്യാസം അതാത് മെമ്പർമാരുടെ വിശദീകരണസഹിതം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 468180 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇക്കാര്യമുന്നയിച്ച് നൽകിയ 20/24-1-2019 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണവിവരം ലഭ്യമല്ല.

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

അങ്കനവാടികൾക്ക് കുഴൽകിണർ (206/18) എന്ന പദ്ധതി നടത്തിപ്പിനായി 82650/ രൂപ ട്രഷറി ബിൽ നംപർ 14/17-18/10-01-2018 പ്രകാരം പിൻവലിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റിന് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതി, പൂർത്തീകരണവിവരം, ഫൈനൽ ബിൽ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 82650/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യമുന്നയിച്ച് നൽകിയ 19/24.01.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 131/18

പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ

വിനിയോഗിച്ച തുക – 7,99,652 രൂപ (എം ജി (എൻ ആർ)

നിർവ്വഹണം - മെഡിയ്ക്കൽ ഓഫീസർ ,പി എച്ച് സി , മൂത്തേടം

ബിൽ നം. 14/17-18/27.03.18 – 1,27,000

ബിൽ നം. 04/17-18/20.12.18 – 4,30,000

ബിൽ നം. 09/17-18/09.03.18 – 2,42,652

ആകെ 7,99,652

പദ്ധതി പ്രകാരം 7,99,652 രൂപ 2017-18 വർഷത്തിൽ പി എച്ച് സി യിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കെ എം എസ് സി എൽ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 3,17,543 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം മാത്രമാണ് ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയത് . അവശേഷിച്ച 4,82,109 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം (സ്റ്റോക്ക്, ഇഷ്യൂ വിവരം ഉൾപ്പെടെ )പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറി( നം. 10/21.01.2019)ക്ക് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയ്ക്കുന്നതാണെന്നറിയിച്ചു. മരുന്ന് ലഭ്യമാവുന്നത് വരെ 4,82,109 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-5 കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ - അപാകതകൾ

മൂത്തേടം ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I)പ്രോജക്റ്റ് നം. 22/18

നെൽകൃഷി വികസന പദ്ധതി

വിനിയോഗിച്ച തുക – 11,04,000 രൂപ

-2,98,800 പ്ലാൻ

ബിൽ നം. 1/17-18/21.12.17 – 2,74,500 രൂപ

ബിൽ നം. 2/17-18/21.12.17 – 14,300 രൂപ

ബിൽ നം. 7/17-18/17.02.18 – 10,000 രൂപ

ആകെ – 298800 രൂപ

-2,53,200 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

(ചെക്ക് നം. / തീയ്യതി – 4360661/15.03.18 )

-5,52,000 (ഗുണഭോക്തൃവിഹിതം നേരിട്ടു ചെലവഴിച്ചത് )

പ്രോജക്റ്റ് പ്രകാരം മിനിമം 25സെന്റ് മുതൽ 5 ഏക്കർ വരെ നെൽകൃഷി ചെയ്യുന്നവർ (പാട്ടകൃഷി ഉൾപ്പെടെ ),വിള ഇൻഷ്യൂർ ചെയ്തിട്ടുള്ളവർ എന്നിവർക്ക് ജൈവവളത്തിന് സബ്സിഡി, കൂലിചെലവ് സബ്സിഡി എന്നിവ അനുവദിയ്ക്കുന്നതാണ് പദ്ധതി. നിർവ്വഹണ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). എത്ര ഏരിയയിൽ, ഏത് സീസണിൽ കൃഷിചെയ്തുവെന്ന് വ്യക്തമല്ല.കൃഷി ചെയ്തുവെന്ന് കൃഷി ഓഫീസർ ഉറപ്പാക്കിയിട്ടില്ല. തന്മൂലം ധനസഹായം ഏത് അനുപാതത്തിലാണ് നൽകിയതെന്ന് വ്യക്തമല്ല.(മുണ്ടകൻ സീസണിലാണ് കൃഷി ചെയ്തതെന്ന് പിന്നീട് കൃഷി ഓഫീസർ വിശദീകരിയ്ക്കുകയുണ്ടായി) രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2). സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 80/2017/ത.സ്വ.ഭ.വ തി. 03.04.17 പ്രകാരം കൃഷിവകുപ്പ് ,ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തിയ ജൈവവളത്തിന് മുൻഗണന നൽകണമെന്ന് നിഷ്കർശിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല.

3). പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

II)പ്രോജക്റ്റ് നം. 21/18

അടുക്കളത്തോട്ടം പദ്ധതി

വിനിയോഗിച്ച തുക – 24,000 (പ്ലാൻ ) (ബിൽ നം. 4/17-18/17.02.18)

അടുക്കളത്തോട്ട പച്ചക്കറികൃഷി പ്രോൽസാഹിപ്പിയ്ക്കൽ ഉദ്ദേശിച്ച് പച്ചക്കറി വിത്തുകളുടെ വിതരണം , ജൈവവളവിതരണം എന്നിവയാണ് പദ്ധതിയിൽ ഉദ്യേശിച്ചത്. മുള്ളഞ്ചീര, പയർ, വെണ്ട, പാവൽ, വഴുതിന, മുളക്, എന്നിവയുടെ 300 കിറ്റ് വിത്ത് 300 പേർക്ക് ഒരു പാക്കറ്റ് വീതം വിതരണം നടത്തുകയാണ് പ്രോജക്റ്റിൽ ചെയ്തിട്ടുള്ളത്.എന്നാൽ ജൈവവള വിതരണം നടത്തിയിട്ടില്ല.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1).കൃഷിചെയ്തുവെന്ന് വ്യക്തമല്ല.കൃഷി ചെയ്ത ഏരിയ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2). പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

III)പ്രോജക്റ്റ് നം. 20/18

സമഗ്ര ജൈവ പച്ചക്കറികൃഷി വികസനം

വിനിയോഗിച്ച തുക – 6,85,000

– 3,00,000 രൂപ (പ്ലാൻ)(ബിൽ നം. 6/17-18/17.02.18 )

- 3,00,000 രൂപ (ഗുണഭോക്തൃവിഹിതം നേരിട്ടു ചെലവഴിച്ചത് )

-85,000 രൂപ(ചെക്ക് നം. / തീയ്യതി – 4360661/15.03.18)

ജൈവപച്ചക്കറികൃഷി പ്രൊൽസാഹിപ്പിയ്ക്കുന്നതിനുദ്ദേശിച്ചുള്ള പദ്ധതിയിൽ ജൈവവളത്തിന് സബ്സിഡി ,കൂലിചെലവ് സബ്സിഡി എന്നിവ അനുവദിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1).95 പേർ പയർ, ചീര, പാവൽ, വെള്ളരി, വെണ്ട, കോവൽ എന്നിവ കൃഷിചെയ്തത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷിചെയ്തുവെന്ന് വ്യക്തമല്ല.കൃഷി ചെയ്ത ഏരിയ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോയിനം എത്ര അളവിൽ കൃഷിചെയ്തുവെന്ന് വ്യക്തമല്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2).ജൈവപച്ചക്കറികൃഷി പ്രോൽസാഹിപ്പിയ്ക്കുന്നതിനുദ്ദേശിച്ചുള്ള പദ്ധതിയിൽ 95 പേർ പയർ, ചീര, പാവൽ, വെള്ളരി, വെണ്ട, കോവൽ എന്നിവ കൃഷിചെയ്തത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജൈവകൃഷിയാണോ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

3).സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 80/2017/ത.സ്വ.ഭ.വ തി. 03.04.17 പ്രകാരം കൃഷിവകുപ്പ്, ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തിയ ജൈവവളത്തിന് മുൻഗണന നൽകണമെന്ന് നിഷ്കർശിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചിട്ടില്ല.

4). പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

IV)പ്രോജക്റ്റ് നം. 19/18

സമഗ്ര വാഴകൃഷി വികസനം പദ്ധതി

വിനിയോഗിച്ച തുക – 9,99,986 രൂപ

- 4,99,986 രൂപ (പ്ലാൻ)

ബിൽ നം. 3/17-18/ 22.01.18/ - 3,54,960 രൂപ

ബിൽ നം. 11/17-18/ 23.03.18/ - 1,45,026 രൂപ

- 5,00,000 രൂപ (ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് )

പദ്ധതിയിൽ വാഴക്കന്നിന് സബ്സിഡി, ജൈവവളത്തിന് സബ്സിഡി എന്നിവ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ഏതിനം വാഴ എത്ര എണ്ണം കൃഷിചെയ്തുവെന്ന് വ്യക്തമല്ല. കൃഷി ചെയ്ത ഏരിയ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2). സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 80/2017/ത.സ്വ.ഭ.വ തി. 03.04.17 പ്രകാരം കൃഷിവകുപ്പ് ,ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തിയ ജൈവവളത്തിന് മുൻഗണന നൽകണമെന്ന് നിഷ്കർശിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല.

3). പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

V)പ്രോജക്റ്റ് നം. 18/18

തെങ്ങു കൃഷി വികസനം പദ്ധതി

വിനിയോഗിച്ച തുക – 16,34,220 രൂപ

-8,17,110 രൂപ (പ്ലാൻ)

ബിൽ നം. 5/17-18/17.02.18 - 6,15,900 രൂപ

ബിൽ നം. 9/17-18/16.03.18 - 2,01,210 രൂപ

-8,17,110 രൂപ (ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് )

10 ൽ കൂടുതൽ എണ്ണം തെങ്ങു കൃഷിയുള്ളവർക്ക് ജൈവവളത്തിന് സബ്സിഡി, അംഗീകൃത ഡിപ്പോയിൽ നിന്നുള്ള കുമ്മായത്തിന് സബ്സിഡി നൽകുക എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). 8,17,110രൂപ പ്ലാൻ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടെങ്കിലും ,അംഗീകൃത ഡിപ്പോയിൽ നിന്നുള്ള കുമ്മായം വാങ്ങിയതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. കുമ്മായം വാങ്ങിയതിന്റെ രേഖ ആരുംതന്നെ ഹാജരാക്കാതിരുന്നതിനാൽ കുമ്മായ വിതരണത്തിന് സബ്സിഡി നൽകിയിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കൃഷി ഓഫീസർ വ്യക്തമാക്കുകയുണ്ടായി .എന്നാൽ

,പദ്ധതിപ്രകാരമുള്ള മുഴുവൻ തുകയും വിനിയോഗിച്ച് ജൈവവളവിതരണം മാത്രം നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. ജൈവവളവും കുമ്മായവും വാങ്ങിയ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യ വിതരണം നടത്തേണ്ടിയിരുന്നത്.

2). സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 80/2017/ത.സ്വ.ഭ.വ തി. 03.04.17 പ്രകാരം കൃഷിവകുപ്പ് ,ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തിയ ജൈവവളത്തിന് മുൻഗണന നൽകണമെന്ന് നിഷ്കർശിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല.

3). പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 12/22.01.2019 ) നൽകിയ മറുപടിയിൽ ശുചിത്വമിഷൻ നിഷ്കർഷിച്ചിട്ടുള്ള വിധത്തിലുള്ള ജൈവ മാലിന്യ യൂണിറ്റ് ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാൽ പ്രാദേശികമായി ലഭിയ്ക്കുന്ന ജൈവവളമാണ് ഉപയോഗിച്ചതെന്ന് കൃഷി ഓഫീസർ ബോധിപ്പിച്ചു.കൂടാതെ ,കൃഷി ഓഫീസറും അസിസ്റ്റന്റുമാരും പരിശോധിച്ചതിൽ പ്രകാരമാണ് ആനുകൂല്യം നൽകിയതെന്നും, പദ്ധതികൾ മോണിറ്ററിംഗ് നടത്തിയിട്ടുള്ളതാണെന്നും ,രേഖകൾ പരിശോധനക്ക് ലഭ്യമാക്കുമെന്നും അറിയിച്ചു. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക 22,78,096 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 പരിരക്ഷാ പദ്ധതി - അപാകതകൾ

പ്രോജക്ട് നമ്പർ - 130/2018

വിനിയോഗിച്ച തുക – 7,80,550 രൂപ(പ്ളാൻ)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (അലോപ്പതി )

ബിൽ നം. 15/17-18 തി. 22.03.2018 – 12,925 രൂപ

ബിൽ നം. 11/17-18 തി. 22.03.2018 – 66,906 രൂപ

ബിൽ നം. 8/17-18 തി. 22.03.2018 – 2,87,369 രൂപ

ബിൽ നം. 10/17-18 തി. 22.03.2018 – 72,150രൂപ

ബിൽ നം. 6/17-18 തി. 21.02.2018 – 1,00,500 രൂപ

ബിൽ നം. 3/17-18 തി. 23.10.2017 – 83,250 രൂപ

ബിൽ നം. 2/17-18 തി.23.10.2017 – 60,750 രൂപ

ബിൽ നം. 1/17-18 തി.09.08.2017 – 96,700 രൂപ

ആകെ – 7,80,550 രൂപ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ബിൽ നം. 8/17-18 തി. 22.03.2018 പ്രകാരം പരിരക്ഷാ പദ്ധതിയിലുൾപ്പെട്ട രോഗികൾക്ക് മരുന്നു ലഭ്യമാക്കുന്നതിനായി 2,87,369 രൂപ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും 41,732 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളൂ. അവശേഷിച്ച 2,45,637 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ സ്റ്റോക്ക് ,ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2).ബിൽ നം. 11/17-18 തി. 22.03.2018 പ്രകാരം 38,810 രൂപ വിനിയോഗിച്ച് സർജ്കെമം ,നിലമ്പൂർ

എന്ന സ്ഥാപനത്തിൽ നിന്നും എസ് എസ് ട്രേ (2എണ്ണം),ഹെഡ് എലവേറ്റിംഗ് കോട്ട് (4എണ്ണം) എന്നിവയും മറ്റൊരു സ്ഥാപനത്തിൽ നിന്നും ബിൽ നം. 15/17-18 തി. 22.03.2018 പ്രകാരം 12,925 രൂപ വിനിയോഗിച്ച് യൂറിൻകാൻ(4എണ്ണം),ബെഡ്പാൻ (4എണ്ണം),വാക്കിംഗ് സ്റ്റിക്ക്, ബെഡ്ബാക്ക് റെസ്റ്റ് (ഓരോന്ന് വീതം)എന്നിവയും വാങ്ങിയിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പ് പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയറിയാതെയാണ് പ്രസ്തുത വാങ്ങലുകൾ നടത്തിയിട്ടുള്ളത് . വിഷയം സംബന്ധിച്ച് പഞ്ചായത്തുതല മോണിറ്ററിംഗ് കമ്മറ്റി യോഗം ചേരുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.ആയതിനാൽ അർഹരായവർക്കാണോ ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

3). 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തി. 29.10.2015) പ്രകാരം ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും മുനിസിപ്പൽ കോർപ്പറേഷനുകളുടേയും നേതൃത്വത്തിൽ നടപ്പാക്കേണ്ട പ്രാഥമിക പാലിയേറ്റീവ് പരിചരണ സംവിധാനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ആഴ്ചയിൽ നാലിൽ കുറയാത്ത ദിവസങ്ങളിൽ Home care visit നടത്തേണ്ടതാണ്.മാസത്തിൽ 16ഉം ആയത് പ്രകാരം ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് 192 ദിവസങ്ങളിലെങ്കിലും സന്ദർശനം നടത്തേണ്ടതായിരുന്നു.എന്നാൽ 2017-18 വർഷത്തിൽ രണ്ടു തവണമാത്രമാണ് മാസത്തിൽ 16 സന്ദർശനം നടത്തിയിട്ടുള്ളത്.പ്രതിദിനം കുറഞ്ഞത് എട്ടു പേരെയെങ്കിലും സന്ദർശിയ്ക്കണമെന്നതും കൃത്യമായി പാലിയ്ക്കപെടുന്നില്ല.അപാകതകൾ പരിഹരിയ്ക്കേണ്ടതാണ്.

4).പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തി. 29.10.2015) പ്രകാരം 45 കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കുന്ന അവസ്ഥയിൽ മാത്രമാണ് വാഹന വാടക ഇനത്തിൽ 1100 രൂപക്ക് അർഹത .രേഖകൾ പരിശോധിച്ചതിൽ 2017-18 വർഷത്തിലെ ഭൂരിഭാഗം സന്ദർശനവും 45 കിലോമീറ്ററിൽ താഴെയാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്.തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ (ജി ഒ (പി ) നം.259/2010/ത.സ്വ. ഭ. വ തി.08.11.2010)പ്രകാരവും ,2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരവും 1,00,000 രൂപക്ക് മുകളിൽ മതിപ്പുവിലയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ടെണ്ടർ മുഖേനയാകണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയത് പാലിക്കാതെ ക്വട്ടേഷൻ മുഖേനയാണ് വാഹനം തിരഞ്ഞെടുപ്പുനടത്തിയത് .മൂന്നുപേർ ക്വട്ടേഷൻ സമർപ്പിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ തിരഞ്ഞെടുക്കുകയായിരുന്നു. ടെണ്ടർ മുഖേന കൂടുതൽ മൽസരാധിഷ്ഠിതമായി വാഹനം തിരഞ്ഞെടുപ്പു നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5). ആരോഗ്യവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മോണിട്ടർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രൊജക്ടുകളുടേയും മോണിട്ടർ നടത്തണം. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് നടന്നിട്ടില്ല. ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ - വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ 2017-18 വർഷത്തിൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കൂടാതെ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ യോഗതീരുമാനങ്ങളിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നുമില്ല.

6). പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി നിർണ്ണായക പങ്കുവഹിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയോഗത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന

അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ആയത് പാലിയ്ക്കുന്നില്ല. ഇക്കാരണങ്ങളാൽ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും കാര്യക്ഷമമല്ല.

മൂത്തേടം ഗ്രാമപഞ്ചായത്തിലെ മുഴുവൻ പരിരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതി പണം മാത്രം വിനിയോഗിച്ചാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.സന്നദ്ധസേവകരുടെ സേവനമോ ,മറ്റു രീതിയിലുള്ള വിഭവസമാഹരണമോ നിലവിൽ ലഭ്യമല്ല. അപാകതകൾ പരിഹരിക്കേണ്ടതും പരിരക്ഷാ പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതുമാണ്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും, ആയത് ലഭിച്ചതിന് ശേഷം സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ലഭ്യമാകാനുള്ള മരുന്നുകളുടെ വിലയിനത്തിൽ ചെലവഴിച്ച 2,45,637/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 <u>സാക്ഷ്യരതാ തുല്യതാ പരിപാടി - പരീക്ഷയിൽ പങ്കെടുത്തതിന്റെ വിവരം ലഭ്യമല്ല</u>

പ്രോജക്റ്റ് നം. 105/18

സാക്ഷരതാ തുല്യതാ പരിപാടി

വിനിയോഗിച്ച തുക – 70,300 രൂപ

(- 34,200 രൂപ (തനത്ഫണ്ട് )(ചെക്ക് നം./തീയ്യതി എന്നിവയും ലഭ്യമായിട്ടില്ല)

- 36,100 രൂപ (ഗുണഭോക്തൃ വിഹിതം ))
നിർവ്വഹണം – ഹെഡ്മാസ്റ്റർ ജി എൽ പി എസ് ,ചോളമുണ്ട

പദ്ധതി പ്രകാരം 38 ഗുണഭോക്താക്കൾക്ക് 1850 രൂപവെച്ച് പത്താംക്ലാസ് തുല്യതാ കോഴ്സ് ഫീസ് ഇനത്തിൽ ഡയറക്ടർ ,കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ,തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ പരീക്ഷയിൽ പങ്കെടുത്തുവെന്നുറപ്പാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഈ രേഖകൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 11/21.01.19) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 34,200 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-രേഖകൾ ലഭ്യമാക്കിയില്ല</u>

പ്രോജക്റ്റ് നം. 108/18

പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി

വിനിയോഗിച്ച തുക – 1,44,745 (എസ് സി പി )
ബിൽ നം. 3/17-18/21.03.2018 – 1,44,745 രൂപ
നിർവ്വഹണം – ഹെഡ്മാസ്റ്റർ ,ജി എൽ പി സ്കൂൾ ,ചോളമുണ്ട

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട പട്ടികജാതിക്കാരായ അഞ്ച് ഗുണഭോക്താക്കൾക്ക് ലാപ്പ് ടോപ്പ് 1 ന് 28,949/- രൂപ നിരക്കിൽ വാങ്ങി വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് .എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പട്ടികജാതിക്കാരാണെന്ന് തെളിയിക്കുന്ന രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

- വൈഷ്ണവ് പി ബി ,പറവെട്ടി വീട് ,കൽക്കുളം

- സനീഷ് വി ബി ,വെള്ളാമ്പ്രം വീട് , താളിപ്പാടം ,നമ്പൂരിപ്പൊട്ടി പി ഒ
- നിഖില പി , പപ്പാടൻ,താളിപ്പാടം ,മൂത്തേടം പി ഒ

കൂടാതെ, കുമാരി.അശ്വതി കെ ,വെള്ളക്കട ,ചീനിക്കുന്ന് ,കാരപ്പുറം പി ഒ എന്ന വിദ്യാർത്ഥിനി യൂനിവേഴ്സിറ്റി അഫീലിയേഷനില്ലാത്ത പ്രൈവറ്റ് സ്ഥാപനത്തിൽ പഠനം നടത്തിയിട്ടുള്ളതിനാൽ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പരീക്ഷ എഴുതിയതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.എന്നാൽ ആയത് ലഭ്യമാക്കിയില്ല. അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/21.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ മേൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങുന്നതിനായി വിനിയോഗിച്ച 1,15,796/- (28949x4) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ ഉറപ്പ് വരുത്തിയില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (2-11-12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser,Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2017-18 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ്, കീർത്ത് ന്യൂട്രിമിക്സ്, കൈപ്പിനി, ചുങ്കത്തറ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഗുണനിലവാര പരിശോധന സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 01/21.01.2019)ഭക്ഷ്യ മിശ്രിതം വിതരണം ചെയ്യുന്ന സ്ഥാപനത്തോട് ഗുണമേൻമ പരിശോധിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ആയത് ലഭ്യമായാൽ ഉടൻ തന്നെ ഹാജരാക്കുന്നതാണ് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ വിതരണം ചെയ്ത ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേൻമ ഉറപ്പ് വരുത്തുന്നതിനാവശ്യമായ യാതൊരു നടപടികളും ഓഡിറ്റ് എൻക്വയറി നൽകുന്നത് വരെ സ്വീകരിച്ചിട്ടില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഭാവിയിൽ വിതരണം ചെയ്യുന്ന ഭക്ഷ്യമിശ്രിതം നിശ്ചിത ഗുണനിലവാരം ഉള്ളവയാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഗ്രാമപഞ്ചായത്തിന്റേയും അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 3-10 ആശ്രയ പദ്ധതി

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം 31.03.2018 ന് അവസാനിച്ചിട്ടുണ്ട്. പോഷകാഹാര കിറ്റിനായി 316300 രൂപ മാത്രമാണ് 2017-18 ൽ ചെലവ് ചെയ്തിട്ടുള്ളത്. ചലഞ്ച് ഫണ്ട് നീക്കിയിരിപ്പില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് വികസനഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളത്. പദ്ധതി അവസാനിക്കുമ്പോൾ ബാങ്ക് അക്കൗണ്ടിൽ (A/C 61778 കനറാ ബാങ്ക്, എടക്കര) 1,53,101 രൂപ അവശേഷിക്കുന്നുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നീക്കിയിരിപ്പ് ബാങ്ക് അക്കൌണ്ടിൽ നിഷ്ക്രിയമായി തുടരുന്നത് സംബന്ധിച്ചും തുടർസേവന പാക്കേജ് ആരംഭിക്കാത്തത് സംബന്ധിച്ചും മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ

മുഴുവൻ നിറവേറ്റപ്പെടാതെ പദ്ധതി അവസാനിപ്പിക്കുകയാണുണ്ടായത്. 31.10.18ന് ഒന്നാം ഘട്ടത്തിന്റെ അക്കൌണ്ടിൽ ( A/C-63165 കനറാ ബാങ്ക്, എടക്കര) 791243 രൂപ നീക്കിയിരിപ്പുണ്ട്. വികസനഫണ്ട് അടക്കമുള്ള തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചത് ഫണ്ടിന്റെ ദുരുപയോഗമാണ്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി, നിർവ്വഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ.(എം.എസ്) നം.252/2017/തസ്വഭവ 12.12.2017-അഗതി രഹിത കേരളം- മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ഗുണഭോക്താക്കളുടെ അന്തിമ പട്ടിക നാളിതു വരെ അംഗീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ത്വരിത നടപടികൾ സ്വീകരിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്. നീക്കിയിരിപ്പുള്ള തുക കൂടി വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഫലപ്രദമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 NREGS—ജലസുരക്ഷാ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കിയില്ല.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) നം.161/16/തസ്വഭവ തീ.09.11.16-പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ കിണർ റീചാർജ് പ്രവൃത്തികളൊന്നും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 689456 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. (വൌച്ചർ നം.21700226/19.07,17) ജലസുരക്ഷ പദ്ധതികളുടെ പ്രസക്തി ഇതിൽ നിന്നും വ്യക്തമാണ്. കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ജലക്ഷാമം പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതുമാണ്. കാലോചിതമായ പ്രവർത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ എണ്ണം വളരെ കുറഞ്ഞതായി കാണുന്നു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നവരുടെ പ്രത്യക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

## 3-12 NREGS-കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാതെ ബിൽ അനുവദിച്ചു.

2017-18 വർഷത്തിൽ കയർ ഭൂവസ്ത്രം വിരിക്കുന്ന 14 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുമായി ബന്ധപ്പെട്ട അളവു പുസ്തകം പരിശോധിച്ചതിൽ, ഭൂവസ്ത്രം വിരിക്കുന്നതിനു മുമ്പുള്ള surface Dressing, Earth work Excavation എന്നിവ മാത്രം നിർവ്വഹിച്ചതിനു ശേഷം ബിൽ തയ്യാറാക്കി തൊഴിലാളികളുടെ കൂലി, പണിയായുധങ്ങളുടെ വാടക എന്നിവ നൽകിയതായി കാണുന്നു. 14 പ്രവൃത്തികൾക്കായി ആകെ 1147583 രൂപ ഇപ്രകാരം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം വിരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. പ്രവൃത്തികൾക്കാവശ്യമായ കയർ ലഭ്യമാക്കുന്നതിന്, Foam Mattings India Ltd, Alappuzha എന്ന് സ്ഥാപനത്തിൽ നിന്നുമുള്ള 273000 രൂപയുടെ ഇൻവോയ്സ് ഫയലിൽ കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദീകരണം (രേഖകൾ സഹിതം) ലഭ്യമാക്കേണ്ടതാണ്.

1- പ്രവൃത്തികളിൽ ഭൂവസ്ത്രം വിരിക്കാതെ ബിൽ അനുവദിക്കാനുള്ള കാരണം

2- മേൽ സൂചിപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള കയർ, മേൽ സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്ന വിവരം. ലഭിച്ചിട്ടുണ്ടെങ്കിൽ ലഭിച്ച തീയതി, സ്ഥാപനത്തിൽ നിന്നുള്ള ബിൽ, കയറിന്റെ വില നൽകിയതിന്റെ വിവരം, ഭൂവസ്ത്രം വിരിച്ചതിന്റെ വിവരം. ഓഡിറ്റ് എൻക്വയറി നം.(16/22.01.2019) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ ഭൗതിക ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 3-13 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ

റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ മുഴുവൻ ഘടകങ്ങളും ഉൾപ്പെടുത്തുന്നില്ല

കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് തയ്യാറാക്കണമെന്ന് ജി.ഒ.(എം.എസ്) നം.72/2017 തസ്വഭവ തീ.29.03.2017- പദ്ധതിമാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് പാലിക്കപ്പെടുന്നില്ല. കെട്ടിടത്തിന്റെ സ്ട്രക്ചറിനും, അനുബന്ധ പ്രവൃത്തികൾക്കും പ്രത്യേകം പ്രൊജക്ടുകൾ തയ്യാറാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്.

## 3-14 റോഡ് കോൺക്രീറ്റ് പ്രവൃത്തി -ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ, കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണം നടന്നിട്ടുണ്ട്. ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം, ക്വാറിമക്ക് (GSB) നിരത്തിയതിനു മുകളിൽ സോളിംഗ് 7.5 സെ.മീ, മെറ്റലിംഗ് 7.5സെ.മീ, അതിനുമുകളിൽ ടാറിംഗ് 2.5 സെ.മീറ്ററും ചേർത്ത് ആകെ 17.5 സെ.മീ കനമാണ് റോഡിനുള്ളത്. ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിന് വേണ്ടത്ര ഉറപ്പ് ഈ റോഡുകൾക്കുണ്ടെന്നിരിക്കേ, ഇതിലേറെ ഉറപ്പുള്ള കോൺക്രീറ്റ് റോഡ് 1:4:8 അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് 10 cm കനത്തിലും, 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cm കനത്തിലും ചെയ്തതായി കാണുന്നു. 1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിൽ ചെയ്തതിനു ശേഷം 1:2:4 അനുപാതത്തിൽ 20mmമെറ്റൽ ഉപയോഗിച്ച് 5cm കനത്തിൽ ചെയ്താൽ തന്നെ ആവശ്യത്തിന് ഉറപ്പും, കട്ടിയും ലഭിക്കുന്നതാണ്. തികച്ചും ഗ്രാമീണറോഡുകൾ/നടപ്പാതകൾ ആയതിനാൽ ഭാരമേറിയവാഹനങ്ങൾ കടന്നു പോകാൻ സാധ്യത കുറവായതിനാൽ, മേൽപ്പറഞ്ഞ പ്രകാരം,

കോൺക്രീറ്റ് ചെയ്തത് പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവുണ്ടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ, തസ്വഭവ,ചീഫ് എഞ്ചിനീയർ, കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കയച്ച നം.ഡിബി4/9099/2015/സി.ഇ/തസ്വഭവ തീ.28.09.2015 കത്ത് പ്രകാരം നടപ്പാതകൾക്ക് 1:4.8cc 10സെ.മീ.കനത്തിലും.1:2.4cc 5സെ.മീ.കനത്തിലും ചെയ്യാവുന്നതാണെന്നും, വാഹനഗതാഗതം കൂടുതലുള്ള നടപ്പാതകൾക്ക് സബ് ഗ്രേഡിന്റെ ഉറപ്പു കൂടി പരിഗണിച്ച് 1:4.8cc 10 മുതൽ 15 സെ.മീ.വരെ കനത്തിലും, 1:2.4cc, 5സെ.മീ. മുതൽ 7.5 സെ.മീ.വരെ കനത്തിലും ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളിലും 1:4:8cc, 10 cm കനത്തിലും, 1:2:4cc, 7.5cm കനത്തിലുമാണ് ചെയ്തിട്ടുള്ളത്. സബ് ഗ്രേഡിന്റെ ഉറപ്പ് കൂടുതൽ ആവശ്യമുള്ള/ കോൺക്രീറ്റ് ചെയ്യേണ്ട ആവശ്യകത സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലോ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിലോ ഇക്കാര്യം ചർച്ച ചെയ്യുകയോ, തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ, അനാവശ്യമായ സാമ്പത്തിക നഷ്ടം പഞ്ചായത്തിന് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | 255000 | സമഗ്ര നെൽകൃഷി വികസനം. | 253200 | 1800 |
| നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | 85000 | സമഗ്ര ജൈവ പച്ചക്കറി കൃഷി വികസനം. | 85000 | 0 |
| ജില്ലാ പഞ്ചായത്ത് | 237500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 237500 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അങ്കണവാടികൾക്ക് കുഴൽ കിണർ. | | 82,650 | 0 | 82,650 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാ)നം.909/2010 /തസ്വഭവ തി.18.03.2010 | 70,00,000 | 13,75,474 | 7,00,000 | -- | 6,75,474 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 45 | 2003-04 | 3.10.6.1 | അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നില്ല. | നടപടി തുടരുന്നു. |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 67 | 2003-04 | 3.10.6.2(1) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 68 | 2003-04 | 3.10.6.2(2) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 71 | 2003-04 | 3.10.6.2(3) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 72 | 2003-04 | 3.10.6.2(4) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 73 | 2003-04 | 3.10.6.2(5) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 75 | 2003-04 | 3.10.6.2(6) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2000-01 | 5(1) to 5(10), 18, 20 | ശ്രീ.ഇ.എം.തോമസ്, സെക്രട്ടറി | LF 13938/Spl.Cell /SC5/04 Dt. 10.10.2005 | 118692 | 600/- രൂപ അടച്ചു. ബാക്കി 1,18,092/- രൂപ. |
| 2 | 2000-01 | 21, 22 | ശ്രീ.വേലായുധൻ | LF 13938/Spl.Cell /SC5/04 Dt. 10.10.2005 | 44958 | 33,387/- രൂപ അടച്ചു. ബാക്കി 11,571/- രൂപ. |
| 3 | 2007-08 to 2009-10 | 3-27(4) | ശ്രീ.എം.ജി.രാമചന്ദ്രൻ | LF 7342/Sp.Cell /SC/D1/13 Dt. | 19500 | തുക പൂർണ്ണമായും അടവാക്കി. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 06.07.2015 | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68449715 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75265932 |
| വരവിനങ്ങളിലുള്ള നഷ്ടം | 9190 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3706668 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-3 | 9190 | | ശ്രീ. കമലേഷൻ.വി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 468180 | ശ്രീ.കമലേശൻ.വി, സെക്രട്ടറി |
| 3-3 | 82650 | -ടി- |
| 3-4 | 482109 | ഡോ.റഷീന.ടി.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-5 | 2278096 | കുമാരി.രേഷ്മ, കൃഷി ഓഫീസർ |
| 3-6 | 245637 | ഡോ.റഷീന.ടി.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-7 | 34200 | ശ്രീ.ഹരീന്ദ്രനാഥൻ പിള്ള, ഹെഡ്മാസ്റ്റർ |
| 3-8 | 115796 | ശ്രീ.ഹരീന്ദ്രനാഥൻ പിള്ള, ഹെഡ്മാസ്റ്റർ |
| ആകെ | 3706668 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കമലേശൻ.വി, സെക്രട്ടറി | സെക്രട്ടറി, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | തെക്കെ ഓമഞ്ചേരിൽ, എൻ.നഗർ. പി.ഒ, ചേർത്തല, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ.എഫ്.എം.5/2405/14 തി.14.10.2014 | 4 |
| 1995-96 | എൽ.എഫ്.എം.5/841/10 തി.10.06.2010 | 5 |
| 2002-03 | എൽ.എഫ്.എം.13/1227/1999 തി.09.02.2000 | 17 |
| 2003-04 | എൽ.എഫ്.എം.5/845/10 തി.10.06.2010 | 13 |
| 2004-05 | എൽ.എഫ്.എം.5/1484/2011 തി.02.07.2011 | 19 |
| 2005-06 | എൽ.എഫ്.എം.16/931/09 തി.02.11.2010 | 4 |
| 2006-07 | എൽ.എഫ്.എം.5/2175/2011 തി.03.05.2012 | 16 |
| 2007-08<br>2008-09<br>2009-10 | എൽ.എഫ്.എം.5/1626/12 തി.20.07.2012 | 38 |
| 2010-11 | എൽ.എഫ്.എം.5/1516/2013 തി:24.08.2013 | 10 |
| 2011-12<br>2012-13 | എൽ.എഫ്.എം.5/260/15 തി:16.07.2015 | 13 |
| 2013-14 | കെ.എസ്.എ.എം.പി.എം.5/637/15 തി.02.11.15 | 13 |
| 2014-15 | കെ.എസ്.എ.എം.പി.എം.5/759/16 തി.12.06.17 | 7 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3005/16 തി.25.11.16 | 17 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.എം.പി.എം.5/1821/16<br>തീ.19.08.17 | 30 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം.

നം. കെ.എസ്.എ.എം.പി.എം.5/1084/2018

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം
തീയതി: 04/07/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ